**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2189** **11.02.2020** - ൽ മറുപടിയ്ക്ക്

## എന്റെ കൂട് പദ്ധതി

ചോദ്യം
ശ്രീ.വി.അബ്ദു റഹിമാൻ

മറുപടി
കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | സ്ത്രീകളുടെയും കുട്ടികളുടെയും രാത്രികാല ആരോഗ്യത്തിനായി ആവിഷ്കരിച്ചിട്ടുള്ള എന്റെ കൂട് പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | സ്ത്രീകൾക്കും കൂടെയുള്ള 12 വയസ്സുവരെയുള്ള കുട്ടികൾക്കും രാത്രികാലങ്ങളിൽ സുരക്ഷിതമായി താമസിക്കുവാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണ് എന്റെ കൂട്. ഇതിന്റെ പ്രവർത്തന സമയം വൈകുന്നേരം 7 മണിമുതൽ പിറ്റേന്ന് രാവിലെ 7 മണിവരെയാണ്. പ്രവേശനം സൗജന്യമാണ്. കൂടാതെ രാത്രി 8 മണിവരെ പ്രവേശനം നേടുന്ന താമസക്കാർക്ക് സൗജന്യഭക്ഷണം ഉണ്ടായിരിക്കും. |
| (ബി) | നിലവിൽ എന്റെ കൂട് പദ്ധതികൾ എവിടെയെല്ലാമാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | കോഴിക്കോട് നഗരത്തിൽ കസബ പോലീസ് സ്റ്റേഷനു സമീപമുള്ള കെട്ടിടത്തിലും തിരുവനന്തപുരം ജില്ലയിൽ തമ്പാനൂർ ബസ് ടെർമിനലിലെ KTDFC കെട്ടിടത്തിൽ 8-ാം നിലയിലും പ്രവർത്തിച്ചു വരുന്നു. |
| (സി) | എന്റെ കൂട് പദ്ധതിക്കായി കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ; | (സി) | പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. |
| (ഡി) | എന്റെ കൂട് പദ്ധതി സംസ്ഥാനത്ത് കൂടുതൽ ഇടങ്ങളിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | നടപടി സ്വീകരിക്കുന്നതാണ്. എറണാകുളം ജില്ലയിൽ എന്റെ കൂട് പദ്ധതി ആരംഭിക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമാക്കിയെങ്കിലും അനുയോജ്യമായ സ്ഥലം ലഭ്യമാകാത്തതു കാരണം പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. |

**സെക്ഷൻ ഓഫീസർ**